# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2112** 08.03.2018-ൽ മറുപടിക്ക്

## വള്ളിക്കാവ് കേന്ദ്രമാക്കി സബ് സ്റ്റേഷൻ

| | ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആലപ്പാട്, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളിലെ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം വള്ളിക്കാവ് കേന്ദ്രമാക്കി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ; | (എ)<br>&<br>(ബി) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വള്ളിക്കാവ് കേന്ദ്രമാക്കി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് നിലവിൽ പദ്ധതികളില്ല. നിലവിലുള്ള കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ, ഓച്ചിറ 33 കെ.വി. സബ്സ്റ്റേഷൻ എന്നിവയിൽ നിന്നാണ് വള്ളിക്കാവ്, ആലപ്പാട്, ക്ലാപ്പന ഗ്രാമപഞ്ചായത്തുകളിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നത്. കരുനാഗപ്പള്ളി 66 കെ.വി. സബ്സ്റ്റേഷൻ 110 കെ.വി.യിലേയ്ക്ക് ഉയർത്തുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. ഓച്ചിറയിലെ 33 കെ.വി. സബ്സ്റ്റേഷൻ, 110 കെ.വി.യിലേയ്ക്ക് ശേഷി ഉയർത്തുന്നതിനുള്ള പദ്ധതി ട്രാൻസ്ഗ്രിഡ് ഡൗൺസ്ട്രീം സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതു മൂലം പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

Hemalatha

സെക്ഷൻ ഓഫീസർ